മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഏപ്രിൽ 10

## വാർത്താക്കുറിപ്പ്

---

## ഡോ. സി.റ്റി. അരവിന്ദകുമാർ അന്റാർട്ടിക് ഉപദേശക സമിതി അധ്യക്ഷൻ

മഹാത്മാഗാന്ധി സർവ്വകലാശാല പ്രോ-വൈസ് ചാൻസലറും പരിസ്ഥിതി മേഖലയിലെ ശാസ്ത്രജ്ഞനും ഗവേഷകനും സ്കൂൾ ഓഫ് എൻവയൺമെന്റൽ സയൻസസിലെ പ്രൊഫസറുമായ ഡോ. സി.റ്റി. അരവിന്ദകുമാറിനെ ദേശീയ ധ്രുവ-സമുദ്ര ഗവേഷണ കേന്ദ്രത്തിന് (എൻ.സി.പി.ഒ.ആർ.) കീഴിൽ പുതുതായി രൂപീകരിക്കപ്പെട്ട അന്റാർട്ടിക്ക പരിസ്ഥിതി ആഘാത പഠനത്തിനും അന്റാർട്ടിക്കയിലെ പരിസ്ഥിതി സംരക്ഷണ സംവിധാനത്തിനുമായുള്ള ഉപദേശക സമിതിയുടെ അധ്യക്ഷനായി നിയോഗിച്ചു. കേന്ദ്രസർക്കാരിന്റെ പരിസ്ഥിതി മന്ത്രാലത്തിന് കീഴിലുള്ള എൻ.സി.പി.ഒ.ആർ ആണ് ഇതു സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിച്ചത്.

ഖരഗ്പൂർ ഐ.ഐ.ടി. രസതന്ത്രവിഭാഗം പ്രൊഫസർ ഡോ. എ രാജകുമാർ, നാഗ്പൂരിലെ നാഷണൽ എൻവയോൺമെന്റൽ എഞ്ചിനയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (എൻ.ഇ.ഇ.ആർ.ഐ.) മുൻ ചെയർമാൻ ഡോ. എസ്.ആർ. വാറ്റെ, ഹൈദ്രാബാദിലെ ബ്രയൻ ഹോൾഡൻ നേത്ര ഗവേഷണ കേന്ദ്രത്തിൻറെ ഡയറക്ടർ ഡോ. എസ്. ശിവജി, ഹൈദ്രാബാദ് ഐ.ഐ.റ്റി അസ്സോസ്സിയേറ്റ് പ്രൊഫസർ ഡോ. ആസിഫ് ഖുറേഷി, ഗോവാ യൂണിവേഴ്സിറ്റിയിലെ ഡോ. ജി.എൻ. നായക് എന്നിവരാണ് സമിതിയിലെ അംഗങ്ങൾ.

ധ്രുവ പ്രദേശങ്ങളിലെ പരിസ്ഥിതി സംരക്ഷണത്തിനായുള്ള ദീർഘകാല ആസൂത്രണ നിർദ്ദേശങ്ങൾ സമർപ്പിക്കാനും ഇതിനകം ഈ മേഖലക്കായി അംഗീകാരം ലഭിച്ചിട്ടുള്ള പദ്ധതികൾ ശരിയായ വിധം നടപ്പാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകുന്നതിനും, ഇതിനാവശ്യമായ ഉപകരണങ്ങൾ വാങ്ങി ശരിയായ രീതിയിൽ വിനിയോഗിക്കുന്നത് സംബന്ധിച്ച് ഉപദേശങ്ങൾ നൽകുന്നതിനുമാണ് സമിതിയെ ചുമതലപ്പെടുത്തിയിരിക്കുന്നത്. കൂടാതെ, ധ്രുവമേഖലയിലെ പരിസ്ഥിതി സംരക്ഷണത്തിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങളും മാനവശേഷിയും സംബന്ധിച്ച് തീരുമാനങ്ങളെടുക്കാനും വാർഷിക-അർദ്ധവാർഷികാടിസ്ഥാനത്തിൽ പരിസ്ഥിതി ആഘാത പഠനം നടത്താനും സമിതിയോടാവശ്യപ്പെട്ടിട്ടുണ്ട്.

എൻ.സി.പി.ഒ.ആറിലെ ശാസ്ത്രജ്ഞൻ ഡോ. അനൂപ്കുമാർ തിവാരിയാണ് സമിതിയുടെ

(പി.ആർ.ഒ./39/439/2022)

## കളക്ഷൻ സെൻറർ

തിരുവനന്തപുരത്തെ രാജീവ് ഗാന്ധി സെൻറർ ഫോർ ബയോടെക്നോളജി, പാലാ ഗവൺമെൻറ് ആശുപത്രിയിൽ ആരംഭിച്ചിരിക്കുന്ന മെഡിക്കൽ ലബോറട്ടറിയുടെ ഒരു കളക്ഷൻ സെൻ്ററായി മഹാത്മാഗാന്ധി സർവകലാശാലാ കാമ്പസിൽ പ്രവർത്തിക്കുന്ന ഹെൽത്ത് സെൻറർ പ്രവർത്തിക്കും. കഴിഞ്ഞ ദിവസം ചേർന്ന സർവകലാശാലാ സിൻഡിക്കേറ്റ് യോഗമാണ് ഇതു സംബന്ധിച്ച തീരുമാനമെടുത്തത്. മെഡിക്കൽ പരിശോധനകളുമായി ബന്ധപ്പെട്ട് സർവ്വകലാശാല കാമ്പസിലെ വിദ്യാർത്ഥികൾക്കും അധ്യാപക-അനധ്യാപക ജീവനക്കാർക്കും ഇതിൻറെ പ്രയോജനം ലഭിക്കും

(പി.ആർ.ഒ./39/440/2022)

## പരീക്ഷാ തീയതി

മൂന്നാം സെമസ്റ്റർ എം.എസ്.സി. / എം.കോം. / എം.എ. / എം.സി.ജെ. / എം.ടി.എ. / എം.എച്ച.എം. / എം.എം.എച്ച്. / എം.ടി.ടി.എം. (2020 അഡ്മിഷൻ - റെഗുലർ / 2019 അഡ്മിഷൻ - സപ്ലിമെൻ്ററി), എം.എസ്.ഡബ്ല്യു. (2019 അഡ്മിഷൻ - സപ്ലിമെൻ്ററി) - സി.എസ്.എസ്. പരീക്ഷകൾ ഏപ്രിൽ 19 ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ (www.mgu.ac.in).

(പി.ആർ.ഒ./39/441/2022)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ